# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6627 04.04.2018 ൽ മറുപടിക്ക്**

**മങ്കട സി.എച്ച്.സി യിൽ കെട്ടിട നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ.ജി.സുധാകരൻ (ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മങ്കട സി.എച്ച്.സി യിൽ എം.എൽ.എ ആസ്തി വികസന ഫണ്ട് മുഖേന കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച ഒരു കോടി രൂപയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;<br>(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിന്റെ ഭാഗമായി സാങ്കേതികാനുമതി പൊതുമരാമത്ത് ബിൽഡിംഗ് വകുപ്പ് നൽകിയിട്ടുണ്ടോ; | (എ) & (ബി) ബഹു:മങ്കട എം.എൽ.എ ശ്രീ.ടി.എ.അഹമ്മദ് കബീർ അവർകളുടെ 30.12.2015 ലെ കത്ത് പ്രകാരം മങ്കട താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംനില നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായി 05.02.2016 ന് പ്രൈസ് സോഫ്റ്റ് വെയറിലൂടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് ഐ.ഡി-2016/989) സമർപ്പിച്ചു. പ്രവൃത്തിയുടെ ഭരണാനുമതി ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.(30.09.2016-ലെ ഉത്തരവ് നമ്പർ പി.എൽ.ബി.3-14778/2016/ആ.വ.ഡ.) സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനു മുൻപായി കെട്ടിടത്തിന്റെ താഴത്തെ നില പണിത ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്റ്റീൽ റാമ്പ് പണിയുന്നതിന് ആവശ്യമായ ആർക്കിടെക്ചറൽ ഡിസൈൻ, പഞ്ചായത്തിൽ നിന്നു ലഭിക്കേണ്ട നിർമ്മാണാനുമതി എന്നിവ ആവശ്യമായിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ എല്ലാം പാലിച്ച് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യുന്ന ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമാണ്. എന്നാൽ മേൽ പറഞ്ഞ പ്രവൃത്തിയുടെ ഭരണാനുമതിയിൽ കാണിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യാൻ പറ്റാത്തതും EMLI യിൽ ഉൾപ്പെടാത്തതുമായതിനാൽ മേൽ പ്രവർത്തിക്കാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യാൻ വേണ്ടി ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക നാളിതുവരെ ഉപയോഗിക്കാൻ സാധിക്കാതെ പോയത് എന്ത് കൊണ്ടാണെന്ന് വിശദമാക്കാമോ; | (സി) ഈ പ്രവർത്തിയുടെ ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ എടുത്ത കാലതാമസം സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകാമോ? | (ഡി) ബഹു.മങ്കട എം.എൽ.എ ശ്രീ.ടി.എ.അഹമ്മദ് കബീർ അവർകളുടെ 30.12.2015 ലെ കത്ത് പ്രകാരം മങ്കട താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ ഒന്നാംനില നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായി 05.02.2016 ന് പ്രൈസ് സോഫ്റ്റ് വെയറിലൂടെ എസ്റ്റിമേറ്റ് (എസ്റ്റിമേറ്റ് ഐ.ഡി-2016/989) സമർപ്പിച്ചു. പ്രവൃത്തിയുടെ ഭരണാനുമതി ആരോഗ്യവകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്.(30.09.2016-ലെ ഉത്തരവ് നമ്പർ പി.എൽ.ബി.3-14778/2016/ആ.വ.ഡ.) സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനു മുൻപായി കെട്ടിടത്തിന്റെ താഴത്തെ നില പണിത ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സ്റ്റീൽ റാമ്പ് പണിയുന്നതിന് ആവശ്യമായ ആർക്കിടെക്ചറൽ ഡിസൈൻ, പഞ്ചായത്തിൽ നിന്നു ലഭിക്കേണ്ട നിർമ്മാണാനുമതി എന്നിവ ആവശ്യമായിരുന്നു. പ്രസ്തുത നടപടിക്രമങ്ങൾ എല്ലാം പാലിച്ച് സാങ്കേതികാനുമതി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യുന്ന ഹെഡ് ഓഫ് അക്കൗണ്ട് ആവശ്യമാണ്. എന്നാൽ മേൽ പറഞ്ഞ പ്രവൃത്തിയുടെ ഭരണാനുമതിയിൽ കാണിച്ചിരിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിന് ഓപ്പറേറ്റ് ചെയ്യാൻ പറ്റാത്തതും EMLI യിൽ ഉൾപ്പെടാത്തതുമായതിനാൽ മേൽ പ്രവർത്തിക്കാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യാൻ വേണ്ടി ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ